## പതിമൂന്നാം കേരള നിയമസഭ
## പതിനാലാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1121 01.07.2015 ൽ മറുപടിക്ക്

### ഹോസ്ദുർഗ്ഗ് ഗവൺമെന്റ് സ്കൂളിലെ യു.പി.എസ്.എ കന്നട വിഭാഗം തസ്തിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.: എൻ.എ നെല്ലിക്കുന്ന് : | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

---

| | |
|---|---|
| (എ) പതിമൂന്ന് വർഷമായി കാസർഗോഡ്. ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിലുണ്ടായിരുന്ന യു.പി.എസ്.എ കന്നട വിഭാഗം തസ്തിക റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) ഉണ്ട്. ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ 2014-15 വർഷം 5,6,7 ക്ലാസുകളിലായി യഥാക്രമം 4,5,6 വീതം കുട്ടികളാണ് യു.ഐ.ഡി/ ഇ.ഐ.ഡി പ്രകാരം പഠിതാക്കളായി ഉണ്ടായി- രുന്നത്.സ.ഉ ജി.ഒ (എം.എസ്) 167/2001/പൊ.വിവ തീയതി 11.5.2011 പ്രകാരം ഭാഷാ ന്യൂനപക്ഷങ്ങൾ പഠിതാക്കളായ കാസർഗോഡ് ജില്ല പോലുള്ള അതിർത്തി ജില്ലകളിൽ പ്രൈമറി ഡിവിഷനുകൾ നിലനിർത്താനായി ചുരുങ്ങിയത് 8 കുട്ടികളെങ്കിലും ഒരു ഡിവിഷനിൽ ഉണ്ടായിരിക്കേണ്ടതാണ്. 2010-11 വർഷത്തെ തസ്തികാ നിർണ്ണയം നടത്തിയ കാലഘട്ടത്തിൽ ടി സ്കൂളിൽ 1 ഡിവിഷനിൽ 8 ഓ അതിൽ കൂടുതലോ കുട്ടികൾ പഠിതാക്കളായി ഉണ്ടായതിനാൽ പ്രൈമറി വിഭാഗത്തിൽ 1 തസ്തിക നിലനിന്നു പോന്നിരുന്നു. എന്നാൽ 2014-15 വർഷം 8 ലും കുറഞ്ഞത്- മൂലമാണ് തസ്തിക അനുവദിക്കാതി- രുന്നത്. |

(ബി) പ്രസ്തുത സ്കൂളിൽ കന്നട വിഭാഗം അനുവദിച്ച ജി.ഒ നം. 4953/2000 തീയതി 2.12.2000 പൊതുവിദ്യാഭ്യാസം എന്ന ഉത്തരവ് അവഗണിച്ചാണോ പ്രസ്തുത തസ്തിക റദ്ദ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ.ഉ (സാധാ) നം. 4953/2000/പൊ.വിവ തീയതി 02.12.2000 പ്രകാരം ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ സമാന്തര കന്നട ഡിവിഷനുകളെ ഭാഷാ ന്യൂനപക്ഷമായി കണക്കിലെടുത്ത് നിലനിർത്തിപ്പോക-ണമെന്നാണ് സർക്കാർ ഉത്തരവിറ-ക്കിരിയിരുന്നത്. എന്നാൽ ടി ഉത്തരവിന്റെ തുടർച്ചയായി വീണ്ടും കുട്ടികളുടെ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്നുവരെ പ്രൈമറി വിഭാഗം ഡിവിഷനുകൾ നിലനിർത്താ-നാവശ്യമായ വിദ്യാർത്ഥികളുടെ കുറഞ്ഞ എണ്ണമായ 10-ൽ നിന്നും 8 ആക്കിക്കുറച്ചുകൊണ്ടുള്ള ഉത്തരവാണ് ഭാഷാ ന്യൂനപക്ഷങ്ങൾ പഠിക്കുന്ന ഡിവിഷനുകളിൽ നടപ്പിലാക്കേണ്ടതെന്ന് സ.ഉ ജി.ഒ (എം.എസ്) 167/2001/ പൊ.വിവ തീയതി 11.5.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ ഉത്തരവുകൾ കൃത്യമായിപാലിച്ചു-കൊണ്ടു തന്നെയാണ് ടി സ്കൂളിൽ കന്നട തസ്തിക റദ്ദ് ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത തസ്തിക റദ്ദ് ചെയ്തതുമൂലം കന്നട ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾ സഹിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതുപരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രൈമറി വിഭാഗം കന്നട ഡിവിഷനുകളും തസ്തികയും നിലനിർത്താൻ കഴിയില്ല.

സെക്ഷൻ ഓഫീസർ